


# ധൂർത്ത പുത്രന്റെ ഉപമ

(ലൂക്കാ 15:11 – 32) Vol. 11, Issue: 5

ഡീ. അലൻ കുന്നുംപുറത്ത് MCBS

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ഇന്ന് കൈത്താക്കാലത്തിന്റെ രണ്ടാമത്തെ ഞായറാഴ്ചയാണ്. വിശ്വാസത്തിന്റെ ഫലങ്ങളാൽ സമ്പന്നമായ സഭാതരുവിനെ അനുസ്മരിക്കുന്ന കാലഘട്ടമാണ്. സഭയുടെ വളർച്ചയ്ക്ക് വളമേകിയ അപ്പസ്തോലന്മാരെയും രക്തസാക്ഷികളെയും പ്രത്യേകമായി നാം ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നു. വിശ്വാസജീവിതത്തിൽ ഉരുത്തിരിയുന്ന പ്രതിസന്ധികളെ തരണം ചെയ്ത് പൂർവ്വീകരുടെ മാതൃക ഉൾക്കൊണ്ട് ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ ഈ കാലഘട്ടം നമുക്ക് ആഹ്വാനം നൽകുന്നു. ഈ ഞായറാഴ്ച വചനവിചിന്തനത്തിനായി നമുക്കേറെ സുപരിചിതമായ ധൂർത്തപുത്രന്റെ ഉപമയാണ് നൽകപ്പെട്ടിരിക്കുന്നത്. നാം ഏറ്റവുമധികം തവണ വായിക്കുകയും ധ്യാനിക്കുകയും അവതരണങ്ങൾ കാണുകയും ചെയ്തിട്ടുള്ള ഒരു വചനഭാഗമാണ് ഇതെന്ന് നിസ്സംശയം പറയാവുന്നതാണ്. എത്ര വായിച്ചാലും മടുപ്പിക്കാത്ത ഒരു ചെറുകഥ പോലെ മാധുര്യമേറുന്നതായി നിലകൊള്ളുകയാണ് ഈ ഉപമയെന്നത് സത്യമാണ്.

മനുഷ്യന്റെ തീരുമാനങ്ങളുടെ വ്യതിരിക്തതയെ ഈ തിരുവചനം ചൂണ്ടിക്കാട്ടുകയാണ്. തീരുമാനങ്ങൾ തലതിരിഞ്ഞതിന്റെ പേരിൽ തുലഞ്ഞ ജീവിതങ്ങൾ ഏറെയുണ്ട്. ഉൽപത്തി പുസ്തകം 3-ാം അദ്ധ്യായത്തിൽ, തലതിരിഞ്ഞ തീരുമാനത്തിന്റെ പേരിൽ ശ്രേഷ്ഠമായ പറുദീസ പാഴാക്കി പുറമ്പോക്കിലേയ്ക്ക് വലിച്ചെറിയപ്പെട്ട ആദത്തെയും ഹവ്വായെയും കാണാൻ കഴിയുന്നു. ഉൽപത്തി 4-ാം അദ്ധ്യായത്തിൽ, സ്വന്തം സഹോദരനെ തല്ലിക്കൊന്ന് ശാപം ഏറ്റുവാങ്ങുന്ന കായേനും ഒരു തെറ്റായ തീരുമാനത്തിന്റെ പേരിൽ കരയേണ്ടി വന്നവനാണ്. തുടർന്ന്, പഴയനിയമത്തിലുടനീളം തെറ്റായ തീരുമാനത്തിന്റെ പേരിൽ നീറിപ്പുകഞ്ഞ് ജീവിതം തകർന്നടിഞ്ഞ അനേകരെ കാണാൻ കഴിയുന്നു. ക്ഷമിക്കുന്ന ദൈവഭാവത്തെ നിഹനിച്ച് ഒരുമുഴം കയറിൽ തൂങ്ങിയാടി ജീവനൊടുക്കിയ യൂദാസും ഈ തെറ്റായ തീരു

മാനത്തിന്റെ നേർസാക്ഷ്യമായി പുതിയനിമത്തിലും നിലകൊള്ളുന്നു.

ഇന്ന് നാം ധ്യാനിക്കുന്ന തിരുവചനഭാഗത്തിലെ ധൂർത്തപുത്രനും തളിരില്ലാത്ത തീരുമാനത്തിന്റെ പേരിൽ തളർന്നുപോയ ഒരു വ്യക്തിയാണ്. സമ്പൽസമൃദ്ധമായ പിതാവിന്റെ ഭവനത്തിലെ സൗകര്യസീമയേക്കാൾ അസ്തമിക്കുന്ന സാങ്കൽപിക സന്തോഷങ്ങളിലേയ്ക്ക് ഓടാനുള്ള തീരുമാനമെടുത്തു. അതിന്റെ ഫലമോ നികൃഷ്ടവും ഭയാനകവുമായിരുന്നു. ഉചിതമായ സമയത്ത് സ്വീകരിക്കുന്ന ഉചിതമായ തീരുമാനങ്ങൾക്ക് ഔന്നത്യമേറും. ഒരു വ്യക്തിയെ തകർക്കാനും തളർത്താനും തച്ചുടയ്ക്കാനും അതിലുപരി തളിർചൂടിക്കാനും തീക്ഷ്ണതയുള്ളവനാക്കുവാനും അവനെടുക്കുന്ന തീരുമാനത്തിനാകുന്നു.

യവന നഗരത്തിന്റെ കോട്ടവാതിലുകൾ തീർത്തും ഭദ്രമായിരുന്നു. ശത്രുസൈന്യം എത്ര പരിശ്രമിച്ചാലും കോട്ടവാതിലുകൾ തകർത്ത് അകത്ത് പ്രവേശിക്കുക അസാധ്യമായിരുന്നു. ഇക്കാര്യം ബോധ്യമായതോടുകൂടി ശത്രുസൈന്യം തന്ത്രപൂർവ്വം പിന്മാറി. എങ്കിലും മരം കൊണ്ടുണ്ടാക്കിയ പ്രതിമയെ അവർ യുദ്ധപാളയത്തിൽ ഉപേക്ഷിച്ചു. ശത്രുക്കൾ ഉപേക്ഷിച്ചുകളഞ്ഞ കുതിരപ്രതിമയിൽ ആകൃഷ്ടരായി അവർ ആഘോഷപൂർവ്വം അതിനെ കോട്ടയ്ക്കുള്ളിലാക്കി. എന്നാൽ, രാത്രിയുടെ നിശബ്ദതയിൽ മരക്കുതിരയിൽ ഒളിച്ചിരുന്ന ശത്രുസൈനികർ കോട്ടവാതിലുകൾ തുറന്ന് സൈന്യത്തെ അകത്തു പ്രവേശിപ്പിച്ച് രാജ്യം കീഴടക്കി.

ഇത് ചരിത്രപ്രസിദ്ധമായ ട്രോജൻ കുതിരയുടെ കഥയാണ്. ശത്രുവിന്റെ കുതിരയെ അകത്തു പ്രവേശിപ്പിക്കാൻ കാണിച്ച തീരുമാനത്തിലെ അപാകത വലിയ വിനാശം വിളിച്ചുവരുത്തി. ധൂർത്തപുത്രനെ വഴിത്തിരിവിലേയ്ക്ക് നയിക്കുന്നത് അവൻ കടന്നുപോയ ജീവിതസാഹചര്യങ്ങളാണ്. പിതാവിന്റെ സുഗന്ധം തിരിച്ചറിയുവാനായി പന്നിക്കൂടിന്റെ രൂക്ഷഗന്ധത്തോളം കടമ്പകൾ കടക്കേണ്ടിവന്നു. തന്റെ നന്മയും സമൂഹനന്മയും മുൻനിർത്തിയുള്ള തീരുമാനങ്ങൾ മാത്രമേ നീണ്ടുനിൽക്കാറുള്ളൂ എന്നത് യാഥാർത്ഥ്യമാണ്. പന്നിക്കൂട്ടിൽ കിടന്നപ്പോഴാണ് തന്നെ വളർത്തിവലുതാക്കിയ പിതാവിനെയും തന്റെ ജീവിതസാഹചര്യത്തെയും മനസ്സിലാക്കിയെടുക്കാൻ ധൂർത്തപുത്രനാകുന്നത്. പിതാവിന്റെ ദുഃഖമകറ്റുന്നതും തന്റെ കഷ്ടാരിഷ്ടതകൾ ഇല്ലാതാക്കുന്നതുമായ ഒരു തീരുമാനം അവൻ കൈക്കൊള്ളുന്നിടത്ത് നന്മയുള്ള ഒരു പരിസമാപ്തി കുറിക്കപ്പെടുന്നു.

അതുവരെ ക്രിസ്ത്യാനികളെ ഇല്ലാതാക്കുവാൻ കച്ചകെട്ടി ഇറങ്ങിയ സാവൂളിന്റെ തീരുമാനം മാറുന്നിടത്ത് പൗലോസിലേയ്ക്കുള്ള രൂപാന്തരീകരണം സാധ്യമാകുന്നു. വൈകിയാണെങ്കിലും ക്രിസ്തുവിനെ അനുകരിക്കാനുള്ള തീരുമാനം, വി. അഗസ്റ്റിൻ എന്ന മഹാപണ്ഡിതനെ സഭയ്ക്ക് നൽകാനിടയായി. തിരിച്ചറിവിൽ നിന്നെടുക്കുന്ന തീരുമാനങ്ങൾക്ക് തികവുണ്ടായിരിക്കും.

നമുക്ക് നമ്മുടെ തീരുമാനങ്ങളെ വിലയിരുത്താം. ജീവിതത്തിന്റെ സന്തോഷസൗകര്യങ്ങളെ മുൻനിർത്തി ജീവിക്കാനുള്ള നമ്മുടെ തീരുമാനം പാപത്തിന്റെ പന്നിക്കൂടുകളിൽ നമ്മെ എത്തിച്ചുവോ എന്ന് വിചിന്തനം നടത്തേണ്ട അവസരം ആസന്നമായിരിക്കുന്നു. സമയം വൈകിയിട്ടില്ല; പിതാവിന്റെ ഭവനം അകലെയുമല്ല. ഞാനെടുക്കുന്ന തീരുമാനത്തെ ആശ്രയിച്ചാണ് എന്റെ ജീവിതത്തിന്റെ മുന്നോട്ടുള്ള യാത്ര. പന്നിക്കൂട്ടിലെ തവിടിന് കോഴിക്കാലിന്റെ രുചിയുണ്ടെന്ന അബദ്ധവാദഗതിയിൽ ലയിക്കുന്നതിനു പകരം പിതാവിന്റെ ഭവനത്തിലെ ശ്രേഷ്ഠമായ വിരുന്നായ ദിവ്യകാരുണ്യത്തെ സ്വീകരിക്കുവാനുള്ള യോഗ്യത നേടിയെടുക്കാം. ആ വിരുന്നിന്റെ മഹത്വത്തെ അറിയാതെപോകുന്നിടത്താണ് നമ്മുടെ യാത്ര പെരുവഴിയിലെ വർണ്ണശബളമായ വശ്യതയിൽ ഒതുങ്ങിപ്പോകുന്നതെന്ന് തിരിച്ചറിയാം. ഈ ബലിയിൽ പ്രത്യേകമായി നമ്മുടെ അനുദിന തീരുമാനങ്ങളെ ദൈവികവെളിപാടിന് ഉതകുംവിധം രൂപീകരിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ആമ്മേൻ.